**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2271** **16-03-2022 - ൽ മറുപടിയ്ക്ക്**

**ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലുള്ള റേഷൻകാർഡുകൾക്ക് പകരം ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് കാർഡുകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ബാങ്കിംഗ് രംഗത്തുള്ളവരടക്കം അടുത്ത ഒരു വർഷം കൊണ്ട് ഘട്ടംഘട്ടമായി ഈ പ്രവർത്തനം നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. വിവിധ തലത്തിലുള്ള ചർച്ചകൾ നടന്നു വരുന്നു. |
| (ബി) | സെർവറിന്റെ തടസം കാരണം പൊതുജനങ്ങൾക്ക് റേഷൻ കടകളിൽ അധികസമയം ചെലവഴിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം സർക്കാർ ആലോചിക്കുന്നുണ്ടോ? | (ബി) | നിലവിൽ സെർവറിന് പ്രശ്നങ്ങൾ ഒന്നും തന്നെയില്ല. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് കാര്യമായ സാങ്കേതിക തകരാർ ഒന്നും തന്നെ നിലനിൽക്കുന്നില്ല. എന്നാൽ downtime ഉണ്ടാകുമ്പോൾ റേഷൻ വിതരണത്തിൽ കുറച്ച് സമയത്തേയ്ക്ക് കാലതാമസം ഉണ്ടാകാറുണ്ട്. വിതരണം മൊത്തമായി മുടങ്ങുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകാറില്ല. ഇത്തരത്തിൽ ഉണ്ടാകുന്ന ചെറിയ തടസ്സം പോലും പരിഹരിക്കപ്പെടുന്നുണ്ട്. റേഷൻ കടകളിലെ ഇ-പോസ് മെഷീനിൽ ഉപയോഗിക്കുന്ന സിം കാർഡിന്റെ കവറേജ് കുറവ് റേഷൻ വിതരണത്തിന്റെ വേഗത കുറവിന് കാരണമാകുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ, ഇ-പോസ് മെഷീനിൽ റേഷൻ കട പ്രവർത്തിക്കുന്ന പ്രദേശത്ത് ഏറ്റവും മെച്ചപ്പെട്ട കവറേജ് ലഭ്യമാകുന്ന സിം കാർഡ് ഉപയോഗിക്കുന്നതിന് റേഷൻ വ്യാപാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ